# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-2026

KUTTEMPEROOR UPS

# ഉള്ളടക്കം


* ഉള്ളടക്കം
* അടിസ്ഥാന വിവരങ്ങൾ
* ആമുഖം
* ലക്ഷ്യങ്ങൾ
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
* പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
* പദ്ധതി വിശദാംശങ്ങൾ

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | കുട്ടമ്പേരൂർ യു പി എസ് |
| 2. വിലാസം | കുട്ടമ്പേരൂർ യു പി എസ്<br>കുട്ടമ്പേരൂർ . പി. ഒ 689623<br>മാന്നാർ, ആലപ്പുഴ |
| 3. ഫോൺ | |
| 4. ഇമെയിൽ | kups1936@gmail.com |
| 5. സ്കൂൾ കോഡ് | 36312 |
| 6 വിദ്യാഭ്യാസ ഉപജില്ല | ചെങ്ങന്നൂർ |
| 7 വിദ്യാഭ്യാസ ജില്ല | മാവേലിക്കര |
| 8 റവന്യൂ ജില്ല | ആലപ്പുഴ |
| 9 ബി. ആർ. സി. | പുലിയൂർ |
| 10 സി. ആർ. സി | മാന്നാർ |
| 11. ഗ്രാമപഞ്ചായത്ത്/വാർഡ് | മാന്നാർ / |
| 12. ബ്ലോക്ക് പഞ്ചായത്ത് | |
| 13. ജില്ലാ പഞ്ചായത്ത് | |
| 14 താലൂക്ക് | ചെങ്ങന്നൂർ |
| 15 വില്ലേജ് | മാന്നാർ |

# ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്നത്. പൊതുവിദ്യാലയങ്ങളുടെ സമഗ്രവികസനമാണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-പാഠ്യേതര പ്രവർത്തനം കുട്ടികൾക്കനുഭവവേദ്യമായ രീതിയിൽ ലഭ്യമാകണം. പ്രകൃതിയെ തിരിച്ചറിയാനും സ്നേഹിക്കാനും സംരക്ഷിക്കാനും കഴിയുക, ആരോഗ്യ കലാ കായിക മേഖലകളിൽ പുരോഗതി സർഗശേഷി വളർച്ച. വ്യക്തിത്വ വികസനം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി കുട്ടി ജ്ഞാന നിർമിതി നടത്തണം. ഭാരതത്തിന്റെ ഭാവി ഭാഗധേയം രൂപം കൊള്ളുന്നത് ഇന്നത്തെ ക്ലാസ് മുറികളിലാണെന്നിരിക്കെ, ജനാധിപത്യ-മതേതരത്വ മനുഷ്യസഹവർത്തിത്വത്തിൽ വിശ്വസിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടവരാണല്ലോ കുട്ടികൾ. അതുകൊണ്ടുതന്നെ ഈ സുപ്രധാന ഉദ്ദേശ്യങ്ങളെ മുൻനിർത്തി നാം തയ്യാറാക്കുന്ന വിദ്യാഭ്യാസ പ്രവർത്തന പദ്ധതി രൂപങ്ങൾ പ്രക്രിയാ ബന്ധിതവും സമയബന്ധിതവും സർവ്വോപരി ഭിന്നശേഷിക്കാരടക്കം എല്ലാവരെയും പരിഗണിക്കുന്നതുമാണ്. വിഷയാധിഷ്ഠിതമായി തരംതിരിച്ച് തയ്യാറാക്കിയിരിക്കുന്ന പഠന പ്രവർത്തന പദ്ധതികളെല്ലാം കുട്ടികൾക്കനുഭവവേദ്യമായിത്തീരുമ്പോൾ " സർവ്വതോന്മുഖമായ ശേഷിവികാസം കുട്ടിക്കും സമഗ്രവികസനം വിദ്യാലയത്തിനും കൈവരിക്കാനാകും.

1936-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന് ഒരു തുടർചലനമെന്നോണം തയ്യാറാക്കിയിരിക്കുന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതിനെ അധാരമാക്കിയുള്ള പഠനപ്രവർത്തനങ്ങൾ വിദ്യാലയത്തെ വിശ്വോത്തര നിലവാരത്തിലേക്ക് നയിക്കും എന്നതിൽ സംശയമേതുമില്ല.

# ലക്ഷ്യങ്ങൾ

* ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ്റൂമുകൾ സജ്ജമാക്കുക.
* ക്ലാസ്റൂമുകളിൽ അലമാര ഉൾക്കൊള്ളിക്കുന്നു.
* വിശാലമായ കിച്ചൺ, ഭക്ഷണശാല, സ്റ്റോറും എന്നിവ നിർമ്മിക്കുക
* ക്ലാസ് റൂമുകൾ പഴയവ പുതുക്കി പണിയുക. [Old Block]
* ജൈവ, അജൈവ മാലിന്യ നിർമാർജ്ജന സംവിധാനം
* ഉറപ്പുള്ള ചുറ്റുമതിൽ
* ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കുക.
* ആകർഷകവും ഉറപ്പും ഉള്ളതോടുകൂടിയ ചുറ്റുമതിൽ.
* പ്ലാസ്റ്റിക്, പുകയില, ലഹരി വിരുദ്ധ പോസ്റ്ററുകൾ സ്ഥാപിക്കുക.
* ക്ലാസ് ചുമരുകൾ മനോഹരമായ കഥാചിത്രങ്ങൾ ഉൾക്കൊള്ളിക്കണം
* അന്താരാഷ്ട്ര പഠനനിലവാരം [ഹൈടെക്] ഉറപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ ഇവ വിദ്യാലയത്തിൽ ഉറപ്പിക്കുക.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനത്തിന് അധ്യാപക ശാക്തീകരണ പരിപാടികൾ അനുസ്യൂതം ചെയ്യും
* കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പാക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കും.
* പ്രീ-പ്രൈമറി വിഭാഗത്തെ ശക്തിപ്പെടുത്തുക.

# വിദ്യാലയ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട മാന്നാർ ഗ്രാമപ്പഞ്ചായത്തിലെ കുട്ടമ്പേരൂർ എന്ന പ്രശാന്ത സുന്ദരമായ സ്ഥലത്താണ് കുട്ടമ്പേരൂർ UPS എന്ന വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ 1111-ാമാണ്ട് ധനുമാസം 12-ാം തീയതി [1936 DEC 26] വിദ്യാപ്രദായിനി യോഗത്തിന്റെ അഭിമുഖ്യത്തിൽ പ്രവർത്തനമാരംഭിച്ചതാണ് ഈ വിദ്യാലയം. മാന്നാർ ഗ്രാമപ്പഞ്ചായത്തിലെ 11-ാം വാർഡിൽ കുന്നത്തൂർ ദേവീക്ഷേത്രത്തിന് മുൻപിലായാണ് ഈ സരസ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇന്നാട്ടിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയ മുത്തശ്ശി നവതിയോടടുക്കുകയാണ്.

# വിദ്യാലയം - മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

* പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ

* മാനവികത, സ്നേഹം, കരുണ, വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

* സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

* ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

*

# പദ്ധതി വിശദാംശങ്ങൾ

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം അതായ സംഭാഷണം നടത്തുന്നതും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപിക SRG | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക. | വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG | മേള |
| | ക്വിസ് മത്സരം: അതത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരുമായുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങൾ സംഘടിപ്പിക്കുക. | ആഗസ്റ്റ് | മലയാളം ക്ലബ്ബ് | |
| | കുഞ്ഞുവായനക്ക് അവധിയില്ല<br>ലൈബ്രറി ബുക്കുകളുടെ വായനയും വായനക്കുറിപ്പുകളും പങ്കിടുക. | ജൂൺ - മാർച്ച് | ലൈബ്രറി ടീച്ചർ, SRG | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>വിവിധ ശില്പശാലകൾ സംഘടിപ്പിക്കുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ്. | |

## യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | ഇംഗ്ലീഷ് കാർട്ടൂൺ, സിനിമ പ്രദർശനം<br>I Too Can :<br>വ്യത്യസ്ത തലങ്ങളിലായി ഇംഗ്ലീഷ് വായനകാർഡുകൾ ക്രമീകരിക്കുന്നു.<br>സ്വതന്ത്രമായി വായന<br>Reader's Theatre<br>പാഠഭാഗങ്ങൾ ഡ്രാമറ്റൈസ് ചെയ്ത് അവതരണം.<br>English assembly ആഴ്ചയിൽ ഒന്ന് നടത്തുന്നു.<br>A day for a word<br>ഓരോ വാക്കും ഒരു ദിവസം പരിചയപ്പെടുത്തുന്നു.<br>ആഴ്ചവസാനം Spelling competition നടത്തുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets<br>ക്ലാസ് മാഗസിൻ, വിവിധ ഡിക്ഷണറി നിർമ്മാണം.<br>Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ നിർമ്മാണം, പ്രദർശനം | വർഷാവസാനം | ഇംഗ്ലീഷ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള സമൂഹത്തിലെ വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഇംഗ്ലീഷ് camp നടത്തുന്നു. കുട്ടികളുടെ വൈവിധ്യമാർന്ന പരിപാടികൾ ഇംഗ്ലീഷിൽ നടത്താനവസരം നൽകുന്നു.<br>Role play, skit, Drama, Speech തുടങ്ങിയ നടത്തുന്നു. | വർഷാവസാനം | ഇംഗ്ലീഷ് ക്ലബ്ബ്, PTA, മാനേജ്മെന്റ് | |

## യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ഹിന്ദി അക്ഷരമാല മുതൽ ആരംഭിക്കുന്നവർക്ക് ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങൾ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ മനസിലാക്കുവാൻ വായനകാർഡുകൾ നൽകി പരിചയപ്പെടുത്തൽ | ജൂൺ - ആഗസ്റ്റ് | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി ഭാഷാപരിചയം | ഹിന്ദി കാർട്ടൂണുകൾ, സിനിമ എന്നിവയുടെ പ്രദർശനം<br>ഹിന്ദി അസംബ്ലി | | | |
| സുരീലി - ഹിന്ദി | ആശയവിനിമയം നടത്താൻ പ്രയാസം അനുഭവിക്കുന്ന കുട്ടികളെ ആശയവിനിമയത്തിന് പ്രാപ്തരാക്കൽ<br>ഹിന്ദി - ഷോ - സ്കിറ്റ്, കവിതാ രചന, കഥാ രചന, നാടക രചന | 6 - മാസം | ഹിന്ദി ക്ലബ്ബ് | |
| ഭാഷാഭിരുചി ഉള്ളവർ കുട്ടികളിലുണ്ടാക്കാൻ | ഹിന്ദി - അസംബ്ലി | മാസത്തിൽ ഒന്ന് | | |

# യു.പി: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപര അറിവുകൾ, ആശയങ്ങൾ ഇവ പരിശീലിക്കൽ, ഓർമ്മിക്കൽ | അക്കരത്തട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറി പരിശോധിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | June-July | Social Science Teacher | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | October | Club. | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | August | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് അവയിൽ നിന്ന് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങൾ കാണിച്ച് ഇവയുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | | | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നാട്ടുവെട്ടം. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയും സേവനം ചെയ്യാൻ അവസരം നൽകുന്നു. | August | Social Science club | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | June - July | SRG. | |

## യു. പി. ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | ജൈവ-വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, ജൈവവേലി, എന്നിവ ഉൾക്കൊള്ളിച്ചു ജൈവവൈവിധ്യ പാർക്ക്<br>കണ്ടറിയാനൊരു യാത്ര<br>കാവുകൾ, വയലുകൾ, പുഴയെ അറിയാൻ, യാത്രകൾ<br>പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രാശയങ്ങൾ അവതരിപ്പിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ചേർത്ത് മാഗസിൻ നിർമ്മാണം. | അക്കാദമിക വർഷം | SRG<br>മാനേജ്മെന്റ്<br>സയൻസ് ക്ലബ്ബ്<br>PTA | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ശാസ്ത്ര വിസ്മയ ചുവർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമിക്കുന്നു. | August | Management Science Club | |
| | ശാസ്ത്ര ലൈബ്രറി നിർമ്മാണം | | Science club | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി ഉപയോഗപ്പെടുത്തുക. | വിസ്മയ ശാല<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ശാസ്ത്ര വിദ്യകൾ പ്രദർശിപ്പിക്കുന്നു. | September | Science club. | |
| | | | | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കളും ഉറപ്പു വരുത്തുന്നു. | ഗണിതശിൽപ്പശാല<br>കളികളിലൂടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | June to August | SRG Maths club | |
| സർഗ്ഗാത്മക ഗണിതശാസ്ത്ര പഠനവും കാഴ്ചപ്പാടുകളുടെ വികാസവും. | ഒറിഗാമി ശിൽപ്പശാല<br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ നേടാനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്ന പ്രദർശനം സംഘടിപ്പിക്കൽ. | September October | * | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. | March | മാനേജ്മെന്റ് | |
| ഗണിത ശേഷികൾ ഉറപ്പിക്കൽ | Geogebra software സഹായത്താൽ Maths game - puzzle geometrical chart - Model നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. | മാസത്തിൽ രണ്ട് | ഗണിതാധ്യാപകർ | |

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സംഭാവനിയം. |
| --- | --- | --- | --- | --- |
| അക്ഷരങ്ങളുടെ വാചിക ജ്ഞാനം. | ചിത്രങ്ങൾ, കഥാ ചിത്രങ്ങൾ വായനാ കാർഡുകൾ എന്നിവയിലൂടെ സംഭാഷണം, വസ്തുക്കൾ സൃഷ്ടിക്കുക. | June to August | അദ്ധ്യാപക Sanskrit teacher | |
| വായന, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണ ശുദ്ധി അടയാളമുള്ള വായന | പാഠഭാഗ വായന, സംസ്കൃത വായനാമൂല - ഓരോ ക്ലാസിലും, സംസ്കൃത ശബ്ദകോശ നിർമ്മാണം - e-വായന | നിരന്തര പ്രവർത്തനം | " | |
| സ്വന്തമായി അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ വാക്യത്തിൽ എന്നിവ എഴുതുക. | മനോഹര എഴുത്ത്, കഥ ചിത്രബുക്ക് നിർമ്മാണം, വളരുന്ന അക്ഷര പുസ്തകം, ഏകം പദം ഏകം ദിനം | " | " | |

എൽ. പി. ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം. അക്ഷരകാർഡുകൾ, അക്ഷര ചിത്രങ്ങൾ, അക്ഷരപ്പാട്ടുകൾ, അക്ഷരക്കളികൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ | ജൂൺ - ജൂലൈ | ഭാഷാധ്യാപകർ SRG | |
| വായനക്കൂട്ടം വായനയെ പ്രോത്സാഹിപ്പിക്കുക. | അവധിക്കാലത്ത് വായിച്ച് ബുക്കുകളും അവയുടെ വിവരണങ്ങളും മറ്റുള്ളവർക്ക് മുൻപിൽ പങ്കിടുക. | ജൂൺ ജൂലൈ | SRG അധ്യാപകർ | |
| ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന | ഓരോ ക്ലാസിലും പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും ഓരോ മാസാവസാനവും പത്രക്വിസ് നടത്തുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | SRG സന്നദ്ധപ്രവർത്തകർ | 10000 |
| എഴുത്തിനെ പ്രോത്സാഹിപ്പിക്കുക / പരിപോഷിപ്പിക്കുക | ഉച്ചസമയ ഇടവേളകളിൽ പാട്ടുകളുടെ / കവിതകളുടെ വരികൾ ഒരു ബുക്കിൽ എഴുതുന്നു [Group] അത് അസംബ്ലികളിൽ അവതരണം. | ജൂൺ - മാർച്ച്. | | |

എൽ.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | അവലോകനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, ഇംഗ്ലീഷ് സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരങ്ങൾ | Let's talk - ചങ്ങാതിമാരുമായി സംവദിക്കൽ<br>English ബോക്സ്<br>ഇംഗ്ലീഷ് അസംബ്ലി | രണ്ട് മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Teacher | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി കുറിപ്പ് എഴുതൽ | ആഴ്ചയിൽ ഒന്ന് | " | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | ആഴ്ചയിൽ ഒന്ന് | " | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു മാഗസിൻ തയ്യാറാക്കൽ. | | | |

## എൽ. പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല സംഘടിപ്പിച്ച് ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ അന്തർദർശനവും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG, PTA | SSA |
| ഗണിതം ലളിതമാക്കാം. കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം. വിവിധ തരം കളികൾ [ഉല്ലാസ ഗണിതം, ഗണിതവിജയം] നടപ്പിലാക്കൽ | വർഷം മുഴുവൻ | SRG, Maths teachers | PTA |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Management, HM SRG, Teachers. | Management |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Teacher | PTA, SSA |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം - ഗണിത puzzle | അസംബ്ലിയിൽ ദിവസം | Teacher, SRG | |

എൽ. പി. പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷ്യ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | പോസ്റ്റർ രചനാവതരണം, ഭക്ഷ്യമേള | ജൂൺ - ജൂലൈ ആഗസ്റ്റ് | Teacher SRG PTA | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാണാക്കാഴ്ചകൾ, വാനനിരീക്ഷണം, പച്ചക്കറിത്തോട്ട നിർമ്മാണം, പുഷ്പോദ്യാനം - നിർമ്മാണം | | | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം. | ജൂലൈ - ആഗസ്റ്റ് | PTA SRG | |
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം - ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. ശാസ്ത്ര മാസികകൾ വായന, ശാസ്ത്ര മേള - സജ്ജമാക്കൽ. | | | |
| | | | | |

പുതിയ കാലം പൊതുഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതു-സ്ഥലവും വിദ്യാലയമാണ്. മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസ ലോകം ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ മാറ്റാനുള്ള പോരാട്ട പ്രവർത്തനവുമാണ് കേരള ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്നു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. സമഗ്രവും ശാസ്ത്രീയവുമായ ബൃഹത് പ്രവർത്തനമാണിത്. കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾക്കു തുടർച്ച ഉണ്ടാക്കുന്നതും പുതിയ ലോകം സൃഷ്ടിക്കാനുമുള്ള കർമ്മപദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.